ഫെബ്രുവരി 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

പ്രതീക്ഷകളുണർത്തുന്ന 2019 സമാഗതമായി. 2018 ൽ രാഷ്ട്രീയ, മത, സാമൂഹിക, സാംസ്കാരിക മേഖലകളിൽ ഉദയം ചെയ്ത കരിനിഴലുകൾ ഏറെക്കുറെ പെയ്തിറങ്ങിയതുമൂലം ആ കരിമുകിലുകൾ പ്രശാന്തമായ സാമൂഹികമായ നീലാകാശത്തിന് കളങ്കം ചാർത്താതെ ജനുവരി മാസത്തോടുകൂടി അന്തരീക്ഷം പ്രശാന്തസുന്ദരമായിത്തീർന്നു. ഈ ദൃശ്യം നമ്മുടെ മനസ്സിലും സമൂഹമനസ്സിലും ഒരു അനുദിന ജീവിതാനുഭവ ദൃശ്യമായി പുതുവത്സരത്തിൽ തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. വേദനാജനകമായ അനുഭവങ്ങൾ പലതും ഉണ്ടായെങ്കിലും സുന്ദരമായ മാനവികത കളങ്കപ്പെടാതെ തത്വമസി എന്ന ആപ്തവാക്യത്തിന്റെ സന്ദേശം ഉൾക്കൊണ്ട് മുന്നോട്ടുപോകുവാൻ കേരളജനതയ്ക്ക് സുബുദ്ധി ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

മാർത്തോമ്മാ സഭയിൽ നവോത്ഥാനം ചലനങ്ങൾ സൃഷ്ടിച്ചത് പല മേഖലകളിലായിരുന്നു. മതാചാരങ്ങളിൽ അടിഞ്ഞുകൂടിയിരുന്നതായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിർമ്മാർജ്ജനം ചെയ്യുക, ദേശീയ അവബോധത്തിൽ ആദ്ധ്യാത്മികതയെ ദർശിക്കുക, സാമൂഹിക തിന്മകളെ ദൂരീകരിക്കുക, വിദ്യാഭ്യാസ മേഖലയിൽ പരിവർത്തനത്തിന്റെ പുതുപാതകൾ വെട്ടിത്തുറക്കുക, വിശിഷ്യ സ്ത്രീജന വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിന് ഒരു നവചൈതന്യം ഉളവാക്കുക, ആയതിലേക്ക് പ്രത്യേകമായ ഗേൾസ് സ്കൂളുകൾ സ്ഥാപിക്കുക എന്നിത്യാദി കാര്യങ്ങളെല്ലാം ആ നവീകരണത്തിന്റെ സുന്ദരമായ ദർശനങ്ങളായിരുന്നു. നിക്കോൾസൻ സ്കൂൾ, കൊട്ടാരക്കര ഗേൾസ് സ്കൂൾ, കോഴഞ്ചേരി സെന്റ് മേരീസ് സ്കൂൾ എന്നിങ്ങനെയുള്ള ഗേൾസ് സ്കൂളുകൾ സ്ഥാപിച്ചതിന്റെ പിന്നിൽ പ്രചോദനമായി വർത്തിച്ചത് മേൽപ്പറഞ്ഞ നവീകരണ ദർശനങ്ങളായിരുന്നു. പത്തനംതിട്ട മാർത്തോമ്മാ സ്കൂളും അതിന്റെ ആരംഭ ദിശയിൽ ഒരു ഗേൾസ് സ്കൂളായിരുന്നു എന്നത് സ്മരണീയമത്രെ. ഇവയിൽ പല സ്കൂളുകളും നവതി പിന്നിട്ടുകഴിഞ്ഞു. ചില സ്കൂളുകളാകട്ടെ നവതിയിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു. ഇപ്രകാരമുള്ള സ്കൂളുകൾ ഒരു പുതുപുത്തൻ സാംസ്കാരികത തന്നെ കേരള സംസ്കാരത്തിൽ രൂപപ്പെടുത്തുകയുണ്ടായി. ഈ സ്കൂളുകളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികളോട് ഇടപെട്ടാൽ അവർ ഏതു സ്കൂളിൽ പഠിച്ചവരാണെന്ന് അവർ പറയാതെതന്നെ ഇടപെടുന്നവർക്ക് വ്യക്തതയോടെ പറയാൻ കഴിയുമായിരുന്നു. മദ്യം, പുകയില, മയക്കുമരുന്ന് എന്നിവ ഉൾപ്പെടെയുള്ള ലഹരിപദാർത്ഥങ്ങളുടെ വർജ്ജനം, നമ്മോടൊപ്പം ഭാഗ്യവാന്മാരല്ലാത്ത അശരണരെക്കുറിച്ചുള്ള കരുതൽ, സാമൂഹിക പ്രബുദ്ധത എന്നിവയൊക്കെയും മാരാമൺ കൺവഷനിലെ ദൂതുകളിലൂടെ ലഭിച്ച പുതിയ കാഴ്ചപ്പാടുകളായിരുന്നു. നവോത്ഥാന പ്രചാരകരായിരുന്ന യശ:ശരീരനായ സി.വി. കുഞ്ഞിരാമൻ, ആദർശശാലിയായ കേരളത്തിന്റെ മുൻ മുഖ്യമന്ത്രി സി. അച്യുതമേനോൻ എന്നിവർ ഈ സാംസ്കാരിക പ്രബുദ്ധതയെ ഉദ്ദീപിപ്പിച്ചുകൊണ്ട് മാരാമൺ കൺവൻഷൻ വേദികൾ പങ്കിട്ടിട്ടുണ്ട്. ഈ കൺവൻഷനിലൂടെ ലഭിച്ചതായ ദർശനങ്ങളായിരുന്നു യശ:ശരീരനായ സി. കേശവന് ചരിത്രപ്രസിദ്ധമായ പ്രസംഗം കോഴഞ്ചേരിയിൽ ചെയ്യുവാൻ പ്രസംഗവേദി ഒരുക്കിക്കൊടുത്തത്. കേരളത്തിന്റെ നവോത്ഥാന ദർശനങ്ങൾ രൂപപ്പെടുത്തുന്നതിൽ കൺവൻഷനിലൂടെ ലഭ്യമായ ദൂതുകൾ ഉപകരിച്ചിട്ടുണ്ട്. നമ്മുടെ വയോജന മന്ദിരങ്ങൾ യേശുക്രിസ്തുവിൽ കൂടി വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ ആവിഷ്ക്കാരത്തിന്റെ പ്രായോഗിക ഇടങ്ങളായി രൂപപ്പെട്ടതിലും കൺവൻഷന്റെ സ്വാധീനമുണ്ട്. ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. ആ ദൈവത്തെ ആരും കണ്ടിട്ടില്ല. എന്നാൽ തന്റെ ഏകജാതനായ പുത്രൻ പിതാവായ ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. “നിങ്ങൾക്ക് ജീവനുണ്ടാകുവാനും സമൃദ്ധിയായ ജീവനുണ്ടാകുവാനുമത്രെ ഞാൻ വന്നത്” എന്നും “എന്നെ കണ്ടിരിക്കുന്നവൻ എന്റെ പിതാവിനെ കണ്ടിരിക്കുന്നു” എന്നും അരുളി ചെയ്ത ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുന്ന ഇടങ്ങളായി നമ്മുടെയെല്ലാ ഇടങ്ങളും തീരേണ്ടിയിരിക്കുന്നു. ‘കണ്ടാലും, അവൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാകുന്നു’ എന്നതാണ് സഭയുടെ അടിസ്ഥാന വിശ്വാസം. സ്നേഹനിധിയായ പിതാവായ ദൈവം നമ്മെ തലോടി ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തുന്ന മ്ശിഹോ ആയിട്ട് നാം അനുഭവിച്ചറിയുന്നു. വികലമായ മാനവികതയിൽ നിന്നും ക്രിസ്തുവിലൂടെ വീണ്ടെടുക്കപ്പെട്ട സുന്ദരമായ മാനവികതയിലേക്ക് വളരുവാൻ, നമ്മിലൂടെ ദൈവത്തിന്റെ മനുഷ്യമുഖം പ്രകാശിതമാകുവാൻ ഈ വർഷത്തെ മാരാമൺ കൺവൻഷൻ ദൂതുകൾ എല്ലാവരിലും ആദ്ധ്യാത്മിക ചൈതന്യമായി പ്രസരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഈ വർഷം നടന്ന ഭദ്രാസന കൺവൻഷനുകളിൽ അടൂർ (ജനുവരി 2), കോട്ടയം-കൊച്ചി (ജനുവരി 6), തിരുവനന്തപുരം-കൊല്ലം (ജനുവരി 10), റാന്നി-നിലയ്ക്കൽ (ജനുവരി 13), ചെങ്ങന്നൂർ-മാവേലിക്കര (ജനുവരി 23), നിരണം-മാരാമൺ (ജനുവരി 24), കൊട്ടാരക്കര കൺവൻഷൻ (ജനുവരി 27) എന്നീ കൺവൻഷനുകളിൽ സന്നിഹിതനായി ഉദ്ഘാടന പ്രസംഗം നിർവ്വഹിക്കുവാൻ ദൈവം കൃപ നൽകി. വികലമായ മാനവികതയിൽ നിന്നും സുബോധം വന്ന് സ്രഷ്ടാവായ ദൈവത്തിന്റെ മനുഷ്യമുഖത്തിന്റെ നിദർശനങ്ങളായി രൂപാന്തരപ്പെടുവാനുള്ള ആഹ്വാനത്തിന് ഊന്നൽ നൽകിയ സന്ദേശങ്ങളാണ് പങ്കുവെയ്ക്കപ്പെട്ടത്.

ജനുവരി 20-ാം തീയതി എക്യുമെനിക്കൽ ഞായറിനോടനുബന്ധിച്ച് കൊല്ലം സി.എസ്.ഐ. കത്തീഡ്രലിൽ നടന്ന എക്യുമെനിക്കൽ സംഗമത്തിൽ മാർത്തോമ്മാ സഭയുടെ ആരാധനക്രമം ഉപയോഗിച്ച് വി. കുർബ്ബാന അനുഷ്ഠിച്ചു. ആ കത്തീഡ്രലിലെ ഇടവകജനങ്ങളും സമീപത്തുള്ള മാർത്തോമ്മാ ഇടവകകളിലെ ജനങ്ങളും ഒത്തുചേർന്ന ആ സംഗമം വളരെ ഹൃദ്യമായ ഒരനുഭവമായിരുന്നു.

കേരള ഇന്റർ ചർച്ച് എക്യുമെനിക്കൽ കൗൺസിലിന്റെ ഒരു യോഗം നമ്മുടെ സിനഡ്

ചേമ്പറിൽ വെച്ച് ജനുവരി 25 ന് ചേരുന്നതിനിടയായി. കേരളത്തിലുള്ള സഭകൾ ഇന്ന് അഭിമുഖീകരിക്കുന്ന അനുകൂലമായതും പ്രതികൂലമായതുമായ സാഹചര്യങ്ങളെ കുറിച്ചുള്ള വിശകലനങ്ങൾ യോഗത്തിൽ നടന്നു. നമ്മുടെ സഭ ആതിഥേയത്വം വഹിച്ച ഈ യോഗത്തിൽ എല്ലാ എപ്പിസ്കോപ്പൽ സഭാ വിഭാഗങ്ങളിൽ നിന്നുമായി 28 ബിഷപ്പുമാർ പങ്കെടുത്തു. ആഗസ്റ്റ്-സെപ്റ്റംബർ മാസത്തിൽ പ്രതീക്ഷിക്കുന്ന കാന്റർബറി ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ജസ്റ്റിൻ വെൽബിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾക്കായി ഇംഗ്ലണ്ടിൽ നിന്നും എത്തിയ ആർച്ച് ബിഷപ്പിന്റെ സ്റ്റാഫ് ചീഫായിരിക്കുന്ന Lay Canon David Porter ഉം Ms. Everarda Slabbekoorn ഉം ജനുവരി 26-ാം തീയതി നമ്മുടെ സഭയുടെ ആസ്ഥാനത്ത് എത്തിച്ചേരുകയും സന്ദർശനം സംബന്ധിച്ച ആലോചനകൾ നിർവ്വഹിക്കുകയും ചെയ്തു.

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ദേശീയ കൗൺസിലിന്റെ 2019-22 ലെ പ്രഥമ യോഗം ബാംഗ്ലൂർ ആസ്ഥാനത്തുവെച്ച് ജനുവരി 30, 31 തീയതികളിൽ നടന്നു. അതിലും നാം സംബന്ധിക്കുകയുണ്ടായി.

പൊള്ളാച്ചി മിഷൻ സെന്ററിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ശ്രദ്ധേയമായ നേതൃത്വം നൽകിയ പൊള്ളാച്ചി മിഷന്റെ തന്നെ ആൾരൂപമായിരുന്ന ഡോ. റ്റി.റ്റി. ജോസഫ് 103-ാമത്തെ വയസ്സിൽ നിര്യാതനായി. ശവസംസ്കാര ശുശ്രൂഷയ്ക്ക് നാം നേതൃത്വം നൽകി. അദ്ദേഹത്തിന്റെ ശവസംസ്കാരത്തിന്റെ അടുത്ത ദിവസം അദ്ദേഹത്തിന്റെ സഹധർമ്മിണി കർത്തൃസന്നിധിയിലേക്ക് വിളിച്ചു ചേർക്കപ്പെട്ടു. ഡോ. റ്റി.റ്റി. ജോസഫിന്റെ കുടുംബം പൊള്ളാച്ചി മിഷനുവേണ്ടി ചെയ്ത എല്ലാ സേവനങ്ങളേയും സ്മരിച്ചുകൊണ്ട് മിഷൻ പ്രവർത്തനങ്ങളിൽ പകൽ മേഘസ്തംഭമായും രാത്രി അഗ്നിസ്തംഭമായും എന്നപോലെ ശുശ്രൂഷകൾ നിർവ്വഹിച്ച ആ കുടുംബത്തോട് ഈ പ്രിയപ്പെട്ടവരുടെ വേർപാടിലുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു.

നിലയ്ക്കൽ ദേവാലയത്തിന്റെ പുനർനിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് നിരീക്ഷിക്കുന്നതിന് സാധിച്ചു. പല സുമനസ്സുകളുടെയും സഹായത്തോടുകൂടി നിർമ്മാണപ്രവർത്തനത്തിനു ആവശ്യമായ വിഭവ ശേഷി സമാഹരിക്കുവാൻ ദൈവം ഇടയാക്കിയതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. നിർമ്മാണ പ്രവർത്തനത്തിന്റെ പൂർത്തീകരണത്തിനായി ഇനിയും പണം ആവശ്യമായിരിക്കുകയാണ്. നിലയ്ക്കൽ ദേവാലയ നിർമ്മിതിക്കായി പ്രത്യേക സംഭാവനകൾ നൽകുവാൻ താൽപര്യപ്പെടുന്നവർ സഭാ സെക്രട്ടറിയുടെ പേരിൽ തുക അയച്ചുകൊടുക്കാവുന്നതാണ്.

ആനപ്രാമ്പാൽ ജൂബിലി മന്ദിരത്തിന്റെ വാർഷിക യോഗം വളരെ അനുഗ്രഹകരമായ രീതിയിൽ നടത്തപ്പെട്ടു. അവിടെ കൂടുതൽ അക്കൊമഡേഷൻ സൗകര്യങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. ഇക്കാര്യത്തിലും സുമനസ്സുകളുടെ പ്രാർത്ഥനാ പൂർവ്വമായ സഹകരണം ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു.

1904ൽ ജനകീയ പ്രസ്ഥാനമായി ആരംഭിച്ച് 1918 ൽ ഒരു പ്രസ്ഥാനമായി രൂപം കൊണ്ട സ്ത്രീജന സേവികാസംഘത്തിന്റെ ശതാബ്ദി ആചരണത്തോടനുബന്ധിച്ചുള്ള ലോക മാർത്തോമ്മാ വനിതാ സംഗമം ഫെബ്രുവരി 9-ാം തീയതി നടക്കുകയാണല്ലോ. പുതിയൊരു നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന സേവികാസംഘത്തിന് ആദിമ സഭയുടെ തീക്ഷ്ണതോടുകൂടി പ്രവർത്തിക്കുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ശതാബ്ദി ആചരണത്തിലൂടെ പുതുദർശനങ്ങൾ പ്രാപിച്ച് സഭയിൽ ഒരു ദൈവീക ദാനമായിരിപ്പാൻ സേവികാസംഘത്തിന് കഴിയേണ്ടുന്നതിനായി നമ്മുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ നൂറ്റാണ്ടിൽ ലഭിച്ചതായ ദൈവകൃപകളെയോർത്ത് നമുക്ക് സ്തോത്രം കരേറ്റാം.

124 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചതായ മാരാമൺ കൺവൻഷൻ വേദപഠന കൺവൻഷനായിട്ടാണ് ആരംഭിച്ചത് എന്ന വസ്തുത പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. ആ കാലഘട്ടത്തിൽ ഇലക്ട്രിക് ലൈറ്റുകളില്ലായിരുന്നു, നല്ല റോഡുകളുമില്ലായിരുന്നു. ഇടുങ്ങിയ വഴികളിലൂടെ നടന്നുവന്നാണ് മണൽപ്പുറത്തെത്തി കൺവൻഷൻ പന്തലിൽ വന്നിരുന്ന് കൺവൻഷൻ ദൂതുകൾ ജനം ശ്രവിച്ചിരുന്നത്. രാത്രിയിൽ ഗ്യാസ് ലൈറ്റുകൾ മാത്രമാണ് ഉപയോഗിച്ചിരുന്നത്. ഗ്യാസ് ലൈറ്റിന്റെ പ്രകാശപരിധി എത്രത്തോളമെന്ന് നമുക്ക് ഊഹിക്കാമല്ലോ. അന്ന് ഇന്നത്തെപ്പോലെ അണക്കെട്ടുകളില്ലായിരുന്നു. പെട്ടെന്നുണ്ടാകാവുന്ന ജലപ്രളയം കൺവൻഷൻ നടത്തിപ്പിനെ ചിലപ്പോഴെങ്കിലും ബാധിച്ചിരുന്നു. പമ്പയുടെ തീരത്ത് സൗകര്യങ്ങളില്ലായിരുന്നു. ആറന്മുള ക്ഷേത്രത്തിന്റെ താഴെ പമ്പയാറ്റിൽ ചിറകെട്ടി കിടങ്ങന്നൂർ പുഞ്ചയിലേക്ക് ജലവിതരണം നടത്തുമ്പോൾ ആറ്റിലെ ജലപ്പരപ്പ് ഉയർന്ന സംഭവങ്ങൾ പഴയ തലമുറക്കാർക്ക് ഓർമ്മയുണ്ടാകും. ഒരുവർഷം ഇങ്ങനെ പെട്ടെന്ന് ജലപ്രളയം വന്നപ്പോൾ സമാപന ഞായറാഴ്ചത്തെ യോഗത്തിൽ ഡോ. സ്റ്റാൻലി ജോൺസ് പ്രസംഗിച്ചുകൊണ്ട് നിൽക്കുകയായിരുന്നു. പന്തലിൽ വെള്ളം കയറുന്ന സാഹചര്യം വന്നപ്പോൾ പ്രസംഗം നിർത്തുകയും ജനങ്ങളെ സുരക്ഷിതമായി വള്ളങ്ങളിൽ കരയിലെത്തിക്കുകയും ചെയ്ത ആ സംഭവം ഇന്നും എന്റെ ഓർമ്മയിലുണ്ട്. ഇങ്ങനെയുള്ള പ്രതികൂല സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് മാരാമൺ കൺവൻഷനുകളുടെ രാത്രി യോഗങ്ങളിൽ സ്ത്രീകൾ പങ്കെടുക്കാതിരുന്നത് എന്ന യാഥാർത്ഥ്യം എല്ലാവരും തിരിച്ചറിയേണ്ടതായിട്ടുണ്ട്. സ്ത്രീകളെ മാറ്റിനിർത്തിയതല്ല, സ്ത്രീകളുടെ സുരക്ഷയെക്കുറിച്ചുള്ള കരുതൽ കൊണ്ടാണ് ആ പാരമ്പര്യം തുടർന്നു വന്നത് എന്നുള്ള കാര്യവും ഓർമ്മിപ്പിക്കട്ടെ. തന്നെയുമല്ല രാത്രിയോഗം കഴിഞ്ഞ് 9 മണിയോടുകൂടി ബസ്സുകളിൽ തിരികെ പോയാൽ ദൂരെ സ്ഥലങ്ങളിൽ നിന്നു വന്നവർ പാതിരാവോടുകൂടി മാത്രമേ ഭവനങ്ങളിൽ എത്തിച്ചേരുമായിരുന്നുള്ളു. മണൽപ്പുറത്ത് ഇലക്ട്രിക് ലൈറ്റുകൾ ക്രമീകരിക്കുന്ന സാഹചര്യം ഉണ്ടായപ്പോഴും മാരാമണ്ണിൽ നിന്നും പന്തലിലേക്കുള്ള യാത്രയിലുടനീളം പ്രകാശം ലഭിക്കുന്നതിന് വേണ്ടത്ര സംവിധാനങ്ങളും ഇല്ലായിരുന്നു. ഇക്കാര്യം നാം പ്രത്യേകം ഓർക്കണം. എന്നാൽ ഈ വർഷം രാത്രിയോഗത്തിനു പകരം വൈകിട്ട് 5 മുതൽ 6.30 വരെയുള്ള സായാഹ്നയോഗങ്ങൾ പൊതുയോഗമായിത്തന്നെ ക്രമീകരിക്കുവാൻ ഇടയായത് ദൈവകൃപയുടെ ഒരു ആലോചനയായി നാം കണക്കാക്കുന്നു. ഈ ക്രമീകരണങ്ങളിലെല്ലാം എല്ലാവരുടെയും പ്രാർത്ഥനപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. രാവിലത്തെ യോഗം കഴിഞ്ഞും ഉച്ചയ്ക്കുള്ള യോഗം കഴിഞ്ഞുമുള്ള ഇടവേളകൾ പട്ടക്കാരും സുവിശേഷകരും ആളാംപ്രതി സുവിശേഷവേലയ്ക്കുള്ള അവസരമായി കരുതി, ജീവിതത്തിലെ അനേകം ഭാരങ്ങളും പ്രയാസങ്ങളുമായി വരുന്നവരോടൊപ്പം പ്രാർത്ഥനയ്ക്കായി സമയം കണ്ടെത്തി ഒരു പുതു ചൈതന്യം പ്രാപിക്കുന്നതിന് സഹായകരമായ രീതിയിൽ തങ്ങളുടെ ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. മാരാമൺകൺവൻഷൻ ഒരു മേളയോ, വാർഷിക സംഗമമോ ഒന്നുമല്ല; വചനത്തിന്റെ വെളിച്ചത്തിൽ കൂടിവരുന്ന കൃപനിറഞ്ഞ ഒരു അനുഭവമത്രെ.

ഫെബ്രുവരി മാസത്തിലെ ധ്യാനത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനത്തെക്കുറിച്ചാണ് നാം ആദ്യം ധ്യാനിക്കുന്നത്. യേശുക്കുഞ്ഞിനെയുമായി മാതാപിതാക്കൾ യെരുശലേം ദേവാലയത്തിൽ ചെല്ലുമ്പോൾ വന്ദ്യവയോധികരായ ശിമ്യോനും ഹന്നായും ഉണർത്തിയ പ്രതികരണങ്ങൾ പ്രതീക്ഷകളുടെ നിർവൃതി അനുഭവിച്ചവരുടെ

പ്രതികരണങ്ങളായിരുന്നു. യെരുശലേമിന്റെ വീണ്ടെടുപ്പിനെക്കുറിച്ചുള്ള ദർശനങ്ങളാണ് ഹന്നാ ആ സന്ദർഭത്തിൽ പങ്കുവെച്ചത്. വന്ദ്യവയോധികനായ ശിമ്യോൻ യേശുക്കുഞ്ഞിനെ കൈയ്യിലെടുത്ത് പ്രവാചക തുല്യമായ പ്രതികരണം നൽകിയ ശേഷം ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ച് മാതാപിതാക്കളെ അനുസ്മരിപ്പിക്കുന്ന കാഴ്ചയും നാം അവിടെ കാണുന്നു. ഫെബ്രുവരി 3 ഞായറാഴ്ച മെഡിക്കൽ മിഷൻ ഞായറായി വേർതിരിച്ചിരിക്കുകയാണ്. ക്രിസ്തു നൽകുന്ന പൂർണ്ണ സൗഖ്യത്തെക്കുറിച്ച് അന്ന് നാം ധ്യാനിക്കുന്നു. യേശുവിന്റെ പരസ്യ ശുശ്രൂഷാ വേളയിൽ മനോവൈകല്യം മൂലം വ്യക്തിത്വം നഷ്ടപ്പെട്ടിരുന്ന ലെഗ്യോൻ എന്ന ഭൂതഗ്രസ്തന് അവന്റെ നഷ്ടപ്പെട്ടുപോയിരുന്ന മനുഷ്യമുഖം ദൈവീകചൈതന്യത്തോടുകൂടി ക്രിസ്തു വീണ്ടെടുത്തു നൽകുന്ന സംഭവമാണ് നാം അവിടെ കാണുന്നത്. അങ്ങനെ മനുഷ്യത്വം നഷ്ടപ്പെട്ടിരുന്ന ആ ഭൂതഗ്രസ്തൻ രൂപാന്തരപ്പെട്ട് പുതിയ മനുഷ്യനായി മാനവികതയുടെ ഓഹരിക്കാരനായി തീരുകയാണ്. ഈ വർഷത്തെ മാരാമൺ കൺവൻഷൻ ആരംഭിക്കുന്ന ദിനമായ ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച 'വചനത്തിനായി ഒരുക്കപ്പെടേണ്ട സമൂഹം' എന്ന ചിന്താവിഷയമാണ് നാം ധ്യാനിക്കുന്നത്. മാരാമൺ കൺവൻഷനിലൂടെ ഇക്കാലമത്രയും ദൈവവചനം പങ്കുവെയ്ക്കുവാൻ ശ്രേഷ്ഠരായ ദൈവദാസരെ ദൈവം നമുക്ക് നൽകിയതുപോലെ 3 പ്രഗത്ഭരായ സുവിശേഷപ്രസംഗകരെ ഈ വർഷവും ദൈവം മാരാമൺ കൺവൻഷനുവേണ്ടി ഒരുക്കിയിരിക്കുന്നു എന്നോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. ഫെബ്രുവരി 11-ാം തീയതി  വലിയനോമ്പിനു മുമ്പായുള്ള മൂന്ന് നോമ്പ് ആരംഭിക്കുകയാണ്. മൂന്ന് നോമ്പുവീടൽ വരെ യോനായുടെ ജീവിതത്തെ നാം ധ്യാനവിഷയമാക്കുന്നു. നിനവയിലേക്ക് ദൈവം യോനായെ അയച്ചപ്പോൾ ദൈവത്തിന്റെ വാക്ക് അനുസരിക്കാതെ യോന തർസീസിലേക്ക് കപ്പൽ കയറിപ്പോയതും തുടർന്നുണ്ടായ അനുഭവങ്ങളും യോനായുടെ പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ വീണ്ടും ദൈവകല്പന അനുസരിച്ച് നിനവയിൽ ചെന്ന് നിനവയ്ക്ക് സംഭവിക്കാനിരിക്കുന്ന ന്യായവിധിയെക്കുറിച്ച് യോനാ പ്രസംഗിക്കുമ്പോൾ അവിടെ വലിയ അനുതാപവും മാനസാന്തരവും രൂപാന്തരവും ഉണ്ടാവുകയാണ്. അവർ ദൈവത്തിങ്കലേക്ക് മടങ്ങിവരുവാൻ തയ്യാറായപ്പോൾ ദൈവം അവരെ ന്യായവിധിയിൽ നിന്നും ഒഴിവാക്കിയെങ്കിലും താൻ പ്രസംഗിച്ചതുപോലെ ന്യായവിധി അവർക്ക് സംഭവിക്കണമെന്നാണ് യോനാ ആഗ്രഹിച്ചത്. ആവണക്കിന്റെ ചുവട്ടിൽ ദൈവത്തെ കുറ്റപ്പെടുത്തിക്കൊണ്ട് ഇരുന്ന യോനായ്ക്ക് സ്നേഹനിധിയായ ദൈവം തന്റെ കരുതലിനെക്കുറിച്ച് പരാമർശിക്കുമ്പോൾ നിനവയിലെ മനുഷ്യരുടെ മാത്രമല്ല അവിടെയുള്ള കന്നുകാലികളുടെ ജീവനെപ്പോലും എത്രമാത്രം വിലമതിക്കുന്നു എന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കുന്നത് നാം കാണുന്നു. സൃഷ്ടിയെക്കുറിച്ചുള്ള ദൈവത്തിന്റെ വലിയ കരുതലാണ് നാം അവിടെ ദർശിക്കേണ്ടത്. ഫെബ്രുവരി 17-ാം തീയതി ഞായറാഴ്ച സൃഷ്ടി വെളിപ്പെടുത്തുന്ന ദൈവമഹത്വത്തെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. ആകാശത്തിലെ പറവകളെയും വയലിലെ താമരയെയും എല്ലാം കരുതി സ്നേഹിക്കുന്ന ദൈവത്തെക്കുറിച്ചാണ് കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്നത്. പഴയ നിയമത്തിൽ ഇയ്യോബിന്റെ പുസ്തകത്തിൽ ഇയ്യോബിനുണ്ടായ ഒരു ജ്ഞാനോദയത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഇയ്യോബ് കഷ്ടങ്ങളിലൂടെ കടന്നുപോയപ്പോൾ ആശ്വാസം പകരുവാൻ എന്ന മട്ടിൽ എത്തിയവർപോലും എരിതീയിൽ എണ്ണയൊഴിക്കുകയാണ് ചെയ്തത്. അപ്പോൾ കോടതിയിൽ വാദിക്കുന്ന ഒരു അഭിഭാഷകനെപ്പോലെ ദൈവത്തോടു വാദിക്കുന്ന ഇയ്യോബിനെ നമുക്കവിടെ കാണാം. ഇയ്യോബ് ഇപ്രകാരം വിലപിക്കുന്നു: "അയ്യോ എന്റെ സങ്കടങ്ങൾ കേൾക്കുന്നവൻ ഉണ്ടായിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു; ഇതാ എന്റെ ഒപ്പ്. സർവ്വശക്തൻ എനിക്ക് ഉത്തരം നൽകുമാറാകട്ടെ. എന്റെ പ്രതിയോഗി എഴുതിയ അന്യായരേഖ കിട്ടിയാൽ കൊള്ളാമായിരുന്നു." (ഇയ്യോബ്. 31:35). ഇയ്യോബ് ദൈവത്തിൽ നിന്നും തനിക്ക് ന്യായം കിട്ടുകയില്ല എന്നും പുതിയൊരു ന്യായാധിപനെ കിട്ടിയാൽ തനിക്ക് ന്യായം കിട്ടുമായിരുന്നു എന്നും പ്രസ്താവന ചെയ്യുന്ന ഒരു അഫിഡവിറ്റ് ഇയ്യോബ് അവതരിപ്പിച്ച് കയ്യൊപ്പ് ചാർത്തുമ്പോൾ ഇയ്യോബിന്റെ ക്ഷമയില്ലായ്മയുടെ ഗുരുതരമായ ഒരു അവസ്ഥയാണ് വെളിപ്പെടുന്നത്. എന്നാൽ ഈ സമയത്ത് പുരോഗമന ചിന്തകളുടെ ആൾരൂപമായി എലീഹു മുൻകാലങ്ങളെ അധിഷേപിച്ചുകൊണ്ട് നൂതനമായ തത്വചിന്തകൾ അവതരിപ്പിച്ചതും തീയിൽ എണ്ണ പകരുന്നതുപോലുള്ള അനുഭവമായിരുന്നു. അതും ഇയ്യോബിന് ആശ്വാസം നൽകിയില്ല. എന്നാൽ ഈ സന്ദർഭത്തിൽ ഇയ്യോബിന്റെ മനസ്സിലേക്ക് കടന്നുവരുന്ന രണ്ടു കവിതകൾ പുതിയൊരു അവബോധത്തിലേക്കാണ് ഇയ്യോബിനെ നയിക്കുന്നത്. നൈൽ നദിയുടെ പതന സ്ഥാനത്ത് കാണുന്ന രണ്ട് ജീവികളുടെ (ഹിപ്പോപൊട്ടാമസ് (നീർക്കുതിര), ചീങ്കണ്ണി) ആകാരവർണ്ണന മനസ്സിൽ തെളിയുമ്പോൾ 31-ാം അദ്ധ്യായത്തിൽ ന്യായത്തിനുവേണ്ടി വാദിച്ച ഇയ്യോബ് 42-ാം അദ്ധ്യായത്തിലേക്ക് എത്തുമ്പോൾ "അങ്ങനെ എനിക്ക് അറിഞ്ഞുകൂടാതവണ്ണം അത്ഭുതമേറിയത് ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി; കേൾക്കേണമേ; ഞാൻ സംസാരിക്കും; ഞാൻ നിന്നോട് ചോദിക്കും; എന്നെ ഗ്രഹിപ്പിക്കേണമേ. ഞാൻ നിന്നെ കുറിച്ച് ഒരു കേൾവിമാത്രമേ കേട്ടിരുന്നുള്ളൂ. ഇപ്പോഴോ ഞാൻ എന്റെ കണ്ണാൽ നിന്നെ കാണുന്നു" (42:3-5) എന്ന് വിശ്വാസപ്രഖ്യാപനത്തിലേക്ക് വളരുന്നതായിട്ടാണ് നാം അവിടെ കാണുന്നത്. വി. വേദപുസ്തകത്തിലൂടെ ദൈവം വെളിപ്പെടുത്തുന്ന പരിസ്ഥിതി ദർശനത്തിന്റെ ഉദാത്ത മാതൃകകൾ കൂടിയാണ് ഈ ഭാഗങ്ങൾ എന്നത് ശ്രദ്ധേയമാണ്. ഫെബ്രുവരി 24-ാം തീയതി ഞായറാഴ്ച സൃഷ്ടിയുടെ വീഴ്ചയെക്കുറിച്ച് നാം ചിന്തിക്കുന്നു. ദൈവത്തിൽ നിന്ന് നാം അകന്നുപോകുമ്പോൾ ഒരു വീഴ്ചയുടെ അനുഭവത്തിലാണ് എന്ന് തിരിച്ചറിയണം. വ്യക്തികളുടെ അനുതാപത്തിലൂടെയും രൂപാന്തരത്തിലൂടെയുമാണ് ദേശത്തിന്റെ സൗഖ്യം യാഥാർത്ഥ്യമായിത്തീരുന്നത്. ജ്ഞാനിയായ ശലോമോൻ രാജാവ് യെരുശലേം ദേവാലയം പണിത് ദൈവനാമ മഹത്വത്തിനായി സമർപ്പിക്കുമ്പോൾ ദൈവം ശലോമോനോട് ഇപ്രകാരം അരുൾ ചെയ്തു. "മഴ പെയ്യാതിരിക്കേണ്ടതിന് ഞാൻ ആകാശം അടയ്ക്കയോ ദേശത്തെ തിന്നുമുടിക്കേണ്ടതിന് വെട്ടുക്കിളിയോട് കല്പിക്കുകയോ എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നും കേട്ട് അവരുടെ പാപങ്ങൾ ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും" (2 ദിനവൃത്താന്തം 7:13-14). അനുതാപത്തിലൂടെ ദൈവത്തിങ്കലേക്ക് തിരിഞ്ഞ് രൂപാന്തരത്തിന്റെ സൗഖ്യം പ്രാപിക്കുവാൻ ദൈവം നമ്മെയും നമ്മുടെ ദേശത്തേയും സഹായിക്കട്ടെ.

കൃപ നിങ്ങളോടേവരോടും ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
31-01-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**